# ആലുവയിലെ വലിയതിരുമേനി

**ജോർജ് വറുഗീസ് വയലിപ്പറമ്പിൽ പൈനാടത്ത്**
M.S.O.T സെമിനാരി, മുളന്തുരുത്തി



**'സ**ത്യവിശ്വാസസംരക്ഷകൻ' എന്നും ആലുവയിലെ വലിയതിരുമേനി എന്നും അറിയപ്പെടുന്ന, പുണ്യപിതാവായ പൗലോസ് മോർ അത്താനാസ്യോസ് തിരുമേനി, പരിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെട്ടിരിക്കുകയാണ്. പരിശുദ്ധ സഭയിൽ സത്യവിശ്വാസം സംരക്ഷിക്കുവാൻ അന്ത്യത്തോളം യത്നിച്ച ആ മഹാത്മാവിന്റെ ജീവിതത്തിന്റെ ചില ഏടുകൾ മനസിലാക്കുന്നത് വിശ്വാസിസമൂഹത്തിന് അനുഗ്രഹപ്രദമെന്ന് കരുതുന്നു.

അയ്യമ്പള്ളിലെ സുപ്രസിദ്ധ തറവാടായ തെക്കേക്കരിയിൽ ശ്രീ മത്തായിയുടെയും അകപ്പറമ്പിലെ പ്രസിദ്ധമായ പൈനാടത്ത് കുടുംബത്തിലെ അന്നയുടെയും മകനായി 1869 ജനുവരി 23ന് പരിശുദ്ധ പിതാവ് ഭൂജാതനായി. ബാല്യം മുതൽ തന്നെ പഠനത്തിലും ദൈവാലയശുശ്രൂഷയിലും അദ്ദേഹം അതീവതാൽപര്യം കാട്ടിയിരുന്നു. അങ്കമാലി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായ അമ്പാട്ട് ഗീവർഗീസ് മോർ കൂറീലോസ് തിരുമേനിയുടെ ശിക്ഷണത്തിൽ ബാല്യത്തിൽ തന്നെ സുറിയാനി അഭ്യസനം നടത്തി. 1879 ഏപ്രിൽ 20–ന് അമ്പാട്ട് മോർ കൂറീലോസിൽ നിന്നും അദ്ദേഹം കോറൂയോ പട്ടം സ്വീകരിച്ചു. ആലുവയിലെ ഗവൺമെന്റ് സ്കൂളിലെ പഠനത്തിന് ശേഷം കോട്ടയം പഴയസെമിനാരിയിൽ ചേർന്നു. കോട്ടയം സി.എം.എസ്. സ്കൂളിൽ പഠനം പൂർത്തിയാക്കിയ അദ്ദേഹത്തിന്, പരിശുദ്ധ പരുമലതിരുമേനി 1848 നവംബർ 24ന് കശീശാ പട്ടവും 1898 നവംബർ 27ന് റമ്പാൻ സ്ഥാനവും നൽകി. 1910 ജൂൺ 9ന് പരിശുദ്ധ അബ്ദുള്ള രണ്ടാമൻ പാത്രിയർക്കീസ് ബാവാ അദ്ദേഹത്തെ, അകപ്പറമ്പ് മോർ ശാബോർ മോർ അഫ്രോത്ത് പള്ളിയിൽ വച്ച്, പൗലോസ് മോർ അത്താനാസിയോസ് എന്ന നാമധേയത്തിൽ മെത്രാപ്പോലീത്തയായി വാഴിച്ചു.

സ്ഥിരോത്സാഹിയും കർമ്മകുശലനുമായിരുന്ന അദ്ദേഹം ശെമ്മാശനായിരുന്ന കാലത്ത് കോട്ടയം എം.ഡി. സെമിനാരിയിൽ സുറിയാനിയും വേദപാഠവും പഠിപ്പിക്കുവാൻ നിയമിതനായി. എന്നാൽ ചില രോഗപീഡകൾ മൂലം ഇടയ്ക്കുവച്ച് അവസാനിപ്പിക്കേണ്ടിവന്നു. അദ്ദേഹത്തിന്റെ രോഗശയ്യയിൽ ശുശ്രൂഷിച്ച പ്രിയ മാതാവും സഹോദരിയും ജ്വരബാധയാൽ മരിച്ചത് അദ്ദേഹത്തിൽ വലിയ ദുഃഖം ഉളവാക്കി. എന്നാൽ അദ്ദേഹത്തിന്റെ ദയറാ ജീവിതത്തിലേക്കുള്ള ഒരു വഴിത്തിരിവ് കൂടിയായി അത് പരിണമിച്ചു. റമ്പാനായ ശേഷം ആലുവ തൃക്കുന്നത്ത് സെമിനാരി പണിയിച്ച അദ്ദേഹത്തിന്റെ അനിതരസാധാരണമായ കഴിവ് മനസ്സിലാക്കിയ പരിശുദ്ധ പരുമല തിരുമേനി, പരുമല സെമിനാരി പണിയുന്നതിനുള്ള ചുമതല അദ്ദേഹത്തെ ഏൽപ്പിച്ചു. രണ്ട് ജോലികളും അദ്ദേഹം സ്തുത്യർഹമായി നിർവ്വഹിച്ചു.

അങ്കമാലി ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായിട്ടാണ് അദ്ദേഹം 1910ൽ വാഴിക്കപ്പെട്ടത്. എന്നാൽ 1920 മുതൽ കുറെക്കാലത്തേക്ക് അദ്ദേഹം കണ്ടനാട്, കോട്ടയം, കൊല്ലം, നിരണം, തുമ്പമൺ എന്നീ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. രണ്ടുപ്രാവശ്യം മലങ്കര മെത്രാപ്പോലീത്തയായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അദ്ദേഹമാണ് മലങ്കര സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷൻ രൂപീകരിച്ചത്.

പ്രാർത്ഥനയിലും ദൈവാശ്രയത്തിലും അതീവനിഷ്ട പുലർത്തിയിരുന്ന അദ്ദേഹം, ആതിഥ്യമര്യാദയിലും മറ്റുള്ളവരെ ബഹുമാനിക്കുന്നതിലും വളരെ മുൻപന്തിയിലായിരുന്നു. പരിശുദ്ധ സഭയുടെ ഉന്നതി, അഭ്യസ്തവിദ്യരായ പട്ടക്കാരിലൂടെയേ ഉണ്ടാകുകയുള്ളൂ എന്ന് ഉറച്ച് വിശ്വസിച്ചിരുന്ന അദ്ദേഹം ശെമ്മാശന്മാരെ നന്നായി സുറിയാനിയും, ആരാധനയും മറ്റ് പാഠ്യവിഷയങ്ങളും പഠിപ്പിക്കുകയും പഠിക്കുവാൻ ഉത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. ധിഷണാശാലിയായിരുന്ന അദ്ദേഹം പരിശുദ്ധ സഭയ്ക്കുവേണ്ടി അക്ഷീണം പ്രയത്നിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത മഹാത്മാവാണ്. ഇപ്പോഴും അദ്ദേഹം പരിശുദ്ധ സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

തന്റെ വിളിയും തിരഞ്ഞെടുപ്പും ഏറ്റവും അർത്ഥവത്താക്കിക്കൊണ്ട്, തന്റെ ഗുരുവായ പരിശുദ്ധ പരുമലതിരുമേനിയുടെ അതേ പാത പിന്തുടർന്ന്, ദൈവഭക്തിയിലും പരിശുദ്ധിയിലും ജീവിക്കുകയും ഒരു ഉറച്ച അന്ത്യോഖ്യാ സിംഹാസന ഭക്തനായി ജീവിക്കുകയും ചെയ്തുകൊണ്ട് 84–ാം വയസ്സിൽ 1953 ജനുവരി 25ന് തന്റെ നാഥന്റെ സന്നിധിയിൽ എത്തിച്ചേർന്നു. ആലുവ തൃക്കുന്നത്ത് സെമിനാരി പള്ളിയിൽ ആ ഭൗതിക ശരീരം അടക്കം ചെയ്തു. പരിശുദ്ധ സുറിയാനിസഭയെ സ്നേഹിച്ച, അന്ത്യോഖ്യാ വിശ്വാസിയായ അദ്ദേഹത്തിന്റെ കബറിടം സത്യവിശ്വാസികൾക്ക്, പ്രാർത്ഥനയ്ക്കായി തുറന്ന് കിട്ടുവാൻ നമുക്ക് പ്രാർത്ഥിക്കാം. അദ്ദേഹത്തിന്റെ പ്രാർത്ഥന നമുക്ക് കോട്ടയാകട്ടെ.

*Source:* **മലങ്കര ശബ്ദം**

***September 2004 issue***